

04-03-2022

FRIDAY വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**



**Farm Information Bureau, Kowdiar, Thiruvananhapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-04/03/2022

1. സ്വാതന്ത്ര്യലബ്ധിയുടെ 75-ാം വാർഷികത്തിന്റെ ഭാഗമായി ഭാരതം മുഴുവൻ ആഘോഷിക്കുന്ന **ആസാദികാ അമൃത് മഹോത്സവ**ത്തിന്റ ഭാഗമായി പീലിക്കോട് ഉത്തരമേഖലാ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം നവംബർ 2021 മുതൽ ആഗസ്റ്റ് 2022 വരെ വിവിധ പരിപാടികൾ നടത്തുന്നു. അഖിലേന്ത്യാ ഏകോപിത തെങ്ങ് ഗവേഷണ പദ്ധതിയുടെ സാമ്പത്തിക സഹായത്തോടെ കേരളത്തിലെ 14 ജില്ലകളിൽ നിന്നുള്ള **കേരകർഷക പ്രതിനിധികളുടെ സംസ്ഥാന ശിൽപശാല**യും ഉത്തര കേരളത്തിലെ കൈപ്പാട് കർഷകകരെയും ദക്ഷിണകേരളത്തിലെ പൊക്കാളി കർഷകരെയും ഉൾപ്പെടുത്തി **തീരദേശ നെൽകർഷകരുടെ ശിൽപശാല**യും **ക്ഷീരകർഷകരുടെ ശിൽപശാല**യും ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്. സംസ്ഥാനതല ശിൽപശാലകളുടെ ഉദ്ഘാടനം ഇന്ന് (04.03.2022) കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് നിർവ്വഹിക്കും.

2. കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധനസംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതിയുടെ ഓൺലൈൻ അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി. കൂടുതൽ വിവരങ്ങൾക്ക് www.sfackerala.org എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ, **1800-425-1661** എന്ന ടോൾഫ്രീ നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യുക.

3. റബ്ബർബോർഡിന്റ ഉടമസ്ഥതയിലുള്ള വിവിധ നഴ്സറികളിൽ നിന്നും അംഗീകൃത റബ്ബറിനങ്ങളുടെ നടീൽവസ്തുക്കൾ വിതരണത്തിന് തയ്യാറായിട്ടുണ്ട്. നടീൽവസ്തുക്കളുടെ വിതരണം സംബന്ധിച്ച് കർഷകർക്കുള്ള സംശയങ്ങൾക്ക് റബ്ബർബോർഡിലെ ജോയിന്റ് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഇന്ന് (മാർച്ച് 04) രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഫോണിലൂടെ മറുപടി നൽകും. **0481 2576622** എന്നതാണ് കോൾസെന്റർ .

4. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ **പിടക്കോഴി**ക്കുഞ്ഞുങ്ങളെ 22 രൂപ നിരക്കിൽ ചൊവ്വ, വെള്ളി ദിവസങ്ങളിൽ ലഭ്യമാണ്. താൽപര്യമുള്ളവർ **0479 – 2452277** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. നൂതന ജലസേചന രീതികൾ പ്രോത്സാഹിപ്പിക്കുക, ജല ഉപയോഗക്ഷമത വർദ്ധിപ്പിക്കുക, ഉയർന്ന ഉത്പാദനം ഉറപ്പുവരുത്തുക, ജലസേചനത്തോടൊപ്പം വളപ്രയോഗം നടപ്പിലാക്കുക, കർഷകരുടെ വരുമാനം ഉയർത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ കൃഷിവകുപ്പ് നടപ്പിലാക്കുന്ന പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതിയിലൂടെ **സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ കൃഷിയിടങ്ങളിൽ സബ്സിഡിയോടു** കൂടി സ്ഥാപിക്കുന്നതിന് അപേക്ഷകൾ ക്ഷണിക്കുന്നു. ഈ പദ്ധതിയിലൂടെ ഡ്രിപ്പ്, സ്പ്രിംഗ്ളർ എന്നീ ആധുനിക ജലസേചന രീതികളുടെ ഗുണഭോക്താക്കളാകുവാൻ കർഷകർക്ക് അവസരം ലഭിക്കുന്നു. ചെറുകിട നാമമാത്ര കർഷർക്ക് പദ്ധതി ചെലവിന്റെ അനുവദനീയ തുകയുടെ 80 ശതമാനവും മറ്റുള്ള കർഷകർക്ക് 70 ശതമാനവും പദ്ധതി നിബന്ധനകളോടെ ധനസഹായമായി ലഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ അടുത്തുള്ള കൃഷിഭവനുമായോ ബന്ധപ്പെടുക.

6. മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ കോഴിവസന്തയ്ക്കും, താറാവ് വസന്തയ്ക്കും എതിരെയുള്ള പ്രതിരോധ കുത്തിവയ്പ് തീവ്രയജ്ഞം എല്ലാ മൃഗാശുപത്രികളിലും **മാർച്ച്** 17 വരെ നടത്തുന്നു. 36 ദിവസം പൂർത്തിയായ കോഴികളേയും താറാവുകളേയും പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

7. റബ്ബർബോർഡിന്റെ ഉടമസ്ഥതയിലുള്ള റബ്ബർനഴ്സറികളിൽനിന്ന് നടീൽവസ്തുക്കൾ വിതരണത്തിന് തയ്യാറായിട്ടുണ്ട്. മുക്കട സെൻട്രൽ നഴ്സറിയിൽ നിന്നും കാഞ്ഞിക്കുളം, മഞ്ചേരി, ഉളിക്കൽ, ആലക്കോട്, കടയ്ക്കാമൺ എന്നിവിടങ്ങളിലെ റീജിയണൽ നഴ്സറികളിൽ നിന്നും അംഗീകൃത റബ്ബറിനങ്ങളായ ആർആർ ഐഐ 105, 430, 414, 417, 422 എന്നിവയുടെ കപ്പുതൈകൾ, കൂടത്തൈകൾ, ഒട്ടുതൈക്കുറ്റികൾ, ഒട്ടുകമ്പുകൾ എന്നിവയാണ് വിതരണത്തിന് തയ്യാറായിട്ടുള്ളത്. തൈകൾ ആവശ്യമുള്ള കർഷകർ അടുത്തുള്ള റീജിയണൽ ഓഫീസിലോ നഴ്സറിയിലോ അപേക്ഷ നൽകണം. അപേക്ഷാഫോറം ബോർഡിന്റെ ഓഫീസുകളിൽ ലഭ്യമാണ്. കൂടാതെ www.rubberboard.gov.in എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്ക് **0481 – 2576622** എന്ന ഫോൺ നമ്പരിൽ റബ്ബർബോർഡ് കോൾസെന്ററുമായോ **8848880279** എന്ന ഫോൺ നമ്പരിൽ സെൻട്രൽ നഴ്സറിയുമായോ ബന്ധപ്പെടുക.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് 2021-22 പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനം ഇന്ന് വരെ (മാർച്ച് 04 വരെ) പനമരം ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ലഭ്യമായിരിക്കും. രാവിലെ 10 മുതൽ 5 വരെയാണ് സേവനം ലഭ്യമാകുക. ആവശ്യമുള്ള കർഷകർ, ക്ഷീരസംഘങ്ങൾ മുഖേന ഡ്യൂട്ടി ഡോക്ടറുമായി ബന്ധപ്പെടണമെന്ന് പള്ളിക്കുന്ന് മൃഗാശുപത്രി സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **9074520868, 9605520868** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർകൃഷിയിൽ മാർച്ച് 07 മുതൽ 11 വരെ പരിശീലനം നൽകുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വച്ചു നടക്കുന്ന പരിശീലനത്തിൽ **നൂതനനടീൽവസ്തുക്കൾ, നടീൽരീതികൾ, വളപ്രയോഗശുപാർശകൾ, കീട-രോഗനിയന്ത്രണം, ടാപ്പിങ്** തുടങ്ങിയ വിഷയങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. കൂടുതൽ വിവരങ്ങൾക്ക് **0481 – 2353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്ട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

## കാർഷിക നിർദ്ദേശങ്ങൾ

10. **തക്കാളി, വഴുതന, മുളക്** മുതലായ വിളകളിൽ **ബാക്ടീരിയൽ വാട്ടരോഗം** കാണാറുണ്ട്. പുളി രസം കൂടുതലുള്ള മണ്ണിൽ ഈ രോഗം ഉണ്ടാകുന്നതിനുള്ള സാദ്ധ്യത കൂടുതലായിരിക്കും. അത്തരം മണ്ണിൽ നിലം ഒരുക്കുമ്പോൾ തന്നെ ഒരു സെന്റിന് രണ്ടര കിലോഗ്രാം കുമ്മായം ചേർക്കണം. രോഗസാദ്ധ്യത കുറയ്ക്കുന്നതിനോടൊപ്പം പോഷകമൂലകങ്ങളുടെ ആഗിരണം വർദ്ധിപ്പിക്കുന്നതിനും കുമ്മായ പ്രയോഗത്തിലൂടെ സാധിക്കും. രോഗം ബാധിച്ച് വാടി നിൽക്കുന്ന ചെടികൾ അപ്പോൾ തന്നെ വേരോടെ പിഴുത് നശിപ്പിക്കണം. രോഗപ്രതിരോധ ശേഷിയുള്ള **ശക്തി, മുക്തി, അനഘ** എന്നീ തക്കാളി ഇനങ്ങളും **നീലിമ, ഹരിത, ശ്വേത** എന്നീ വഴുതനയിനങ്ങളും **ഉജ്ജ്വല, അനുഗ്രഹ** എന്നീ മുളകിനങ്ങളും കൃഷി ചെയ്യുന്നതും ഈ രോഗം ചെറുക്കാവുന്ന മറ്റൊരു മാർഗമാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം